**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 194** **30-07-2021 - ൽ മറുപടിയ്ക്ക്**

**പാമ്പുപിടുത്തക്കാർക്ക് ലൈസൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ . ഷംസുദീൻ ,<br>ശ്രീ. പി . ഉബൈദുള്ള ,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ എൻ എ നെല്ലിക്കുന്ന് | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | അശാസ്ത്രീയമായ രീതിയിൽ വിഷപ്പാമ്പുകളെ പിടികൂടുകയും സൂക്ഷിക്കുകയും ചെയ്യുന്ന പ്രവണത സംസ്ഥാനത്ത് വർദ്ധിച്ച് വരുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാമ്പു പിടിത്തക്കാരായ ചില സന്നദ്ധ പ്രവർത്തകർ വേണ്ടത്ര സുരക്ഷാ മുൻകരുതലില്ലാതെ പാമ്പുകളെ പിടികൂടി അപകടകരമായ രീതിയിൽ അവയെ കൈകാര്യം ചെയ്യുന്നതും, പൊതുജന മദ്ധ്യത്തിലും, മാധ്യമങ്ങളിലും പ്രദർശിപ്പിക്കുന്നതായും കണ്ടിട്ടുണ്ട്. |
| (ബി) | മനുഷ്യജീവന് ഭീഷണിയാകുന്ന ഇവയെ പിടികൂടി വനംവകുപ്പിന് കൈമാറുന്നതിന് നിലവിൽ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (ബി) | ജനവാസ മേഖലയിൽ എത്തുന്ന പാമ്പുകളെ പിടികൂടി അവയുടെ സ്വാഭാവിക ആവാസ വ്യവസ്ഥയിൽ വിട്ടയക്കുന്ന പ്രക്രിയ കൃത്യവും ഉത്തരവാദിത്വപരമായ ഒന്നാക്കി മാറ്റുക എന്ന ലക്ഷ്യത്തോടുകൂടി കേരള വനം വകുപ്പ് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. അതിൻറെ ഭാഗമായി കേരള വനം വകുപ്പ് നൽകുന്ന പരിശീലനത്തിൻറെ അടിസ്ഥാനത്തിൽ സർട്ടിഫിക്കറ്റ് ലഭിക്കുന്ന പാമ്പു പിടുത്തക്കാർക്ക് മാത്രമേ ജനവാസ മേഖലയിൽ കാണുന്ന പാമ്പുകളെ പിടിക്കുന്നതിന് അനുവാദം ഉള്ളു. |
| (സി) | പാമ്പുപിടുത്തക്കാർക്ക് ലൈസൻസ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (സി) | വനം വകുപ്പ് ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ എന്നിവരിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടവർക്ക് 2 ഘട്ടങ്ങളിലായി പരിശീലനം വനം വകുപ്പ് നൽകുകയും, ഈ പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സർട്ടിഫൈഡ് പാമ്പു പിടുത്തക്കാരായി അംഗകരിച്ച് 1972 ലെ വന്യജീവി (സംരക്ഷണ) നിയമത്തിലെ സെക്ഷൻ 11 പ്രകാരം അതാത് ജില്ലകളിലെ സാമൂഹ്യ വനവത്ക്കരണം അസിസ്റ്റൻറ് ഫോറസ്റ്റ് കൺസർവേറ്റർമാരാണ് സർട്ടിഫിക്കറ്റ് നൽകുന്നത്. സർട്ടിഫിക്കറ്റ് ഉള്ളവർക്ക് നിയമാനുസൃതം പാമ്പുകളെ പിടിക്കുന്നതിന് അനുമതിയുണ്ട്. ഈ സർട്ടിഫിക്കററിന് 5 വർഷത്തെ കാലാവധിയാണ് ഉള്ളത്. ഇപ്രകാരം സർട്ടിഫിക്കറ്റ് ലഭിച്ച പാമ്പു |

| | | | |
|---|---|---|---|
| | | | പിടുത്തക്കാർ ഏതെങ്കിലും നിയമ വിരുദ്ധമായ പ്രവർത്തികളിൽ ഏർപ്പെട്ടുകയോ, സ്വയം പിൻമാറുന്നതിന് അപേക്ഷിക്കുകയോ ചെയ്യുന്ന പക്ഷം, അവരുടെ സർട്ടിഫിക്കറ്റ് റദ്ദാക്കാൻ അസി. ഫോറസ്റ്റ്കൺസർവേറ്റർക്ക് (സാമൂഹ്യ വനവത്ക്കരണവിഭാഗം) അധികാരം ഉണ്ടായിരിക്കുന്നതാണ്. 21 വയസ്സിനും 65 വയസ്സിനും ഇടയിൽ പ്രായമുള്ളവർക്ക് മാത്രമേ പാമ്പ് പിടുത്തക്കാരാകുന്നതിന് അർഹതയുള്ളൂ. തിരഞ്ഞെടുക്കപ്പെട്ട 539 വനം വകുപ്പ് ജീവനക്കാർക്ക് പരിശീലനം നൽകിയതിൽ 318 പേരും പൊതുജനങ്ങളിൽനിന്നും അപേക്ഷ ക്ഷണിച്ചതിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട 614 പേർക്ക് പരിശീലനം നൽകിയതിൽ 506 പേരും, അടക്കം ആകെ 824 പേർ സർട്ടിഫിക്കറ്റിന് അർഹത നേടിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ